സർക്കാരിന്റെ വാർഷികാഘോഷ പരിപാടികൾക്ക് ചെലവായ തുക

167 (3730) ശ്രീ മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി എന്തു തുക ചെലവായെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദീകരിക്കാമോ ?

ഉത്തരം

സർക്കാരിന്റെ രണ്ടാം വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിച്ചതിന് ഇതേവരെ 27,76,664 രൂപാ ചെലവാക്കിയിട്ടുണ്ട്. ഓരോ ജില്ലയും പരിപാടികൾ സംഘടിപ്പിക്കുന്നതിന് 50,000 രൂപ വീതം മൊത്തം ഏഴു ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നെങ്കിലും കൃത്യമായ ചെലവിന്റെ കണക്ക് ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. ഇതോടൊപ്പം വാർഷികാഘോഷത്തോട് അനുബന്ധിച്ച് ദൃശ്യമാധ്യമങ്ങളിൽ പരസ്യം നൽകിയതിന് 29,452 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ തുക ഇതുവരെ നൽകിയിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II അടിയന്തരപ്രമേയം

ചരക്കുവാഹനങ്ങളിലെ തൊഴിലാളികളുടെയും ഉടമകളുടെയും സമരം

മി. സ്പീക്കർ : ചരക്കു വാഹനങ്ങളിലെ തൊഴിലാളികളുടേയും തൊഴിലുടമകളുടേയും സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന സമരം സംസ്ഥാനത്ത് ആറു ദിവസം പിന്നിട്ടിരിക്കെ സംസ്ഥാനത്തെ ലോറി ഉൾപ്പടെയുള്ള ചരക്കു വാഹനങ്ങളുടെ നീക്കം പാടെ നിലയ്ക്കുകയും, സമ്പത്ഘടന പാടെ മരവിച്ചിരിക്കുകയും അവശ്യ സാധനങ്ങളൊന്നും ലഭിക്കാതെ ജനജീവിതം ദുസ്സഹവും ദുരിതപൂർണ്ണവുമായ അതീവ ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ബിനോയ് വിശ്വം, എ. കെ. ബാലൻ, എ. എ. അസീസ്, സി. കെ. നാണു, പി. സി.ജോർജ്ജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 A.M.]

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ഈ സംസ്ഥാനത്തെ ലോറി ഉടമസ്ഥർ കഴിഞ്ഞ 15-ാം തീയതി അർദ്ധ രാത്രി മുതൽ സമരത്തിലാണ്. ഈ സമരത്തിന്റെ ഫലമായി വലിയ അപകടങ്ങൾ ഉണ്ടായി എന്ന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ബിനോയ് വിശ്വം പറയുന്നത് ശരിയല്ല. സാധാരണഗതിയിൽ 250 ലോഡ് ഡീസലും പെട്രോളുമാണ് സംസ്ഥാനത്ത് എത്തുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ ഇതിൽ കൂടുതൽ എത്തിയിട്ടുണ്ട്. 18-ാം തീയതി 254, 19-ാം തീയതി 331, 20-ാം തീയതി ഒരു പ്രവർത്തനവും ഇല്ലാത്ത ഞായറാഴ്ചയാണെങ്കിൽ പോലും ഇന്നലെ പ്രത്യേകമായി ആവശ്യപ്പെട്ടതനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഐ.ഒ.സി.-യും ഭാരത് പെട്രോളിയവും 308 ടാങ്കറുകൾ ഇവിടെ എത്തിച്ചിട്ടുണ്ട്. ഞായറാഴ്ച ഒരു ടാങ്കറും പോകുന്നതല്ല. പച്ചക്കറികൾക്ക് ഒരു ക്ഷാമവും ഇല്ല. ഇന്ന് പത്രങ്ങളിൽ പറഞ്ഞിട്ടുണ്ട് പച്ചക്കറികളുടെ വില കുറഞ്ഞു എന്ന്. മലയാള മനോരമ മൂന്നാം പേജിൽ പ്രസിദ്ധീകരിച്ചിരുന്ന പടം തന്നെ ഇതിന് ഏറ്റവും വലിയ തെളിവാണ്. ഗവൺമെന്റിനെ എതിർക്കുന്ന പത്രങ്ങൾ പോലും പച്ചക്കറികളുടെ വില കൂടിയിട്ടില്ല എന്നു പറഞ്ഞിരിക്കുന്നു. ഗ്യാസ് എല്ലായിടത്തും എത്തുന്നുണ്ട്. എന്നുകരുതി മുഴുവനും നോർമൽ ആണെന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റിന് യാതൊരു മടിയും ഇല്ല. ഞാൻ വളരെ ദീർഘമായി കാര്യങ്ങളിലേക്ക് പോകുന്നില്ല. ഇന്ന് 10 മണിക്ക് ഒരു യോഗം വച്ചിരിക്കുകയാണ്. ഈ സമരം അവസാനിപ്പിക്കണം. ഞാൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പ്രഖ്യാപിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് മുഖ്യമന്ത്രിയുമായിട്ട് ഞാൻ ആലോചിച്ചു. സമരക്കാരുടെ ആവശ്യം കോടതി വിധി വരുന്നതുവരെ നികുതി പിരിവ് നിർത്തി വച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്നാണ്. ഗവൺമെന്റിന് വേണ്ടി ഞാൻ പ്രഖ്യാപിക്കുന്നു. കോടതി വിധി വരുന്നതുവരെ. നികുതി പുതുക്കിയ നിരക്കിൽ പിരിക്കുന്നത് നിർത്തിവയ്ക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. ഒരു പിടിവാശി ഇക്കാര്യത്തിൽ ഇല്ല. ഇതിന്റെ അടിസ്ഥാനത്തിൽ, അടിയന്തര പ്രമേയത്തിന് സ്കോപ്പില്ല.

മി. സ്പീക്കർ : അടിയന്തര പ്രമേയത്തിന് സ്കോപ്പില്ല. ഞാനും കുറച്ച് കൺസഷൻ കൊടുത്തു എന്നേയുള്ളൂ.

ശ്രീ. ബിനോയ് വിശ്വം : സർ, മന്ത്രിയുടെ വൈകിവന്ന പ്രസ്താവന തീർച്ചയായിട്ടും സന്തോഷം ഉണ്ടാക്കുന്നുണ്ട്. പക്ഷേ, ഇതിൽ മുഖ്യമായി അദ്ദേഹം പറഞ്ഞത് കേട്ടാൽ ഇവിടെ പച്ചക്കറി വരാതിരുന്നാൽ, ഡീസൽ സ്തംഭനം ഉണ്ടായാൽ, വാഹനം ഓടാതിരുന്നാൽ, എല്ലാത്തിന്റേയും വില കുറയും എന്നുള്ള പുത്തൻ വാദം ഇവിടെ അവതരിപ്പിക്കുന്നതായി തോന്നും.

മി. സ്പീക്കർ : അത് സത്യമാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, സത്യമല്ല. വില കൂടുകയാണ്. ഗ്രാമങ്ങളിലൊക്കെ ഓട്ടോറിക്ഷ പോലും ഓടുന്നില്ല. ഡീസൽ കിട്ടുന്നില്ല. പമ്പെല്ലാം പൂട്ടിക്കിടക്കുന്നു. കേരളത്തിലാകെ സ്തംഭനാവസ്ഥ ഉണ്ടായിട്ടുണ്ട്. Confederation of Indian Industries, ആയിരം കോടി രൂപ പ്രതിദിനം ഈ കേരളത്തിൽ നഷ്ടം ഉണ്ടാകുന്നതായിട്ട് പറഞ്ഞു. മറ്റാരുമല്ല, സി.ഐ.ഐ. ആണ്. അത് വിശ്വസിക്കണം നിങ്ങൾ. അങ്ങനെ കേരളത്തിലാകെ ചരക്കു രംഗത്ത് ഗതാഗതം സ്തംഭിച്ച് നിൽക്കുമ്പോൾ, ഗവൺമെന്റ് പിടിവാശി കാണിക്കാതെ ഇപ്പോൾ നടത്തിയ പ്രഖ്യാപനം ആദ്യമേ നടത്തിയിരുന്നെങ്കിൽ ഇതെല്ലാം ഒഴിവാക്കാൻ പറ്റുമായിരുന്നു. ഒഴിവാക്കാനുള്ള പോംവഴികൾ തുറന്നു കിടക്കുമ്പോൾ ഗവൺമെന്റ് ആ വഴിക്ക് ചിന്തിക്കാൻ ഇത്രയും വൈകിയതിൽ ഖേദം ഉണ്ടെന്ന് മാത്രമേ പറയുന്നുള്ളൂ. എന്തായാലും വൈകി വന്ന വിവേകം ഏറ്റവും ശരിയാണ്, ഉചിതമാണ്. ഇന്നു കൂടുന്ന ചർച്ചയിൽ തീർച്ചയായിട്ടും ഞങ്ങളുടെ ഭാഗത്തു നിന്ന് അനുകൂലമായി പ്രതികരിക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകും എന്നാണ് എന്റെ പ്രതീക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പ് മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ഞാൻ കുറ്റപ്പെടുത്തുകയല്ല. അദ്ദേഹം പറഞ്ഞതൊന്നും ശരിയല്ല. അദ്ദേഹം വസ്തുതകൾ പറയണം. പച്ചക്കറി ഈ രാജ്യത്ത് ഇല്ല, ഡീസൽ ഇല്ല. ഞാൻ മിനിഞ്ഞാന്ന് എറണാകുളം മുതൽ തിരുവനന്തപുരം വരെ വന്നതാണ്, രണ്ട് റൂട്ടിൽ കൂടി. ഒരു പമ്പിലും പെട്രോളിന് കുറവില്ല. പക്ഷേ ഡീസലിന് ചെലവില്ല. ലോറി ഓടാത്തതുകൊണ്ട്. നമ്മൾ ഒരു കാര്യം ആലോചിക്കണം രണ്ടേമുക്കാൽ ലക്ഷം ഓട്ടോ തൊഴിലാളികൾ തന്നെ പട്ടിണിയാകുന്ന സമരമാണ്. പിന്നെ വിവിധ തൊഴിലാളികളും. ഏതായാലും ഇതൊരു മാതൃകാ വിഷയമാണല്ലോ. ഈ തവണയെങ്കിലും ചർച്ചയ്ക്ക് വരുന്നവർ മാതൃക കാണിക്കണം. കഴിഞ്ഞ ആറു ദിവസം പണിമുടക്കിയ തൊഴിലാളികൾക്ക് മുതലാളിമാരെക്കൊണ്ട് അവരുടെ ശമ്പളം ഒന്നു കൊടുപ്പിക്കാൻ അങ്ങ് തയ്യാറാകണം എന്നു മാത്രം ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രഖ്യാപനം വളരെ സ്വാഗതാർഹമാണ്. എന്നിരുന്നാലും ഡീസൽ ഇങ്ങനെ ഇഷ്ടം പോലെ കിട്ടുന്നുണ്ട്, പച്ചക്കറി സാധനങ്ങളെല്ലാം റോഡരികിൽ കണ്ടു, വളരെ കുറഞ്ഞ നിരക്കിലുള്ള വിലയേയുള്ളൂ എന്നെല്ലാം ഉള്ള അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റ് വളരെയധികം ഖേദകരമായിപ്പോയി. അദ്ദേഹത്തെ പോലെ തന്നെ ഞങ്ങളും റോഡരികിലുള്ള സാധനങ്ങളുടെ വില മനസ്സിലാക്കി കൊണ്ടിരിക്കുകയാണ്. പൊതുജനങ്ങളെ വല്ലാതെ ബുദ്ധിമുട്ടിക്കുകയാണ് എന്ന് മനസ്സിലാക്കണം. സാധനങ്ങൾക്ക് വില നന്നായി കയറിയിട്ടുണ്ട് എന്ന സത്യം അങ്ങ് മനസ്സിലാക്കണം. നികുതിയുടെ കാര്യത്തിലുള്ള അങ്ങയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തന്നെ ഈ ചർച്ച കൊണ്ടു പോയില്ലെങ്കിൽ ഇത് വളരെ ഉത്കണ്ഠാജനകമായ സ്ഥിതിയിൽ എത്തും എന്നുള്ളതുകൊണ്ടു പറയുകയാണ്.

മി. സ്പീക്കർ : ഇതൊന്നും അടിയന്തര പ്രമേയത്തിനുള്ളതല്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇത് ലോറിക്കാരുടെ പ്രശ്നം മാത്രമായി കാണരുത്. ലോറി ഉടമകളാണ് പണി മുടക്കുന്നതെങ്കിലും, നിങ്ങൾ തന്നെ ട്രാൻസ്പോർട്ട് വണ്ടി ഓടണ്ടെന്നു പറഞ്ഞാൽ തൊഴിലാളി എന്തു ചെയ്യും. അതുപോലെ തന്നെയാണ് ഇതിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും സ്ഥിതി, തൊഴിലാളികളെ കളിയാക്കുക, ഓട്ടോറിക്ഷക്കാർ പട്ടിണിയിലാണെന്നു പറയുക, ഈ നിലയിലുള്ള വ്യാഖ്യാനങ്ങൾ നമ്മളെ ഒരിടത്തും എത്തിക്കില്ല. അതുകൊണ്ട് തീർക്കാൻ സഹായകരമായിട്ടുള്ള നിലപാട് എടുക്കുക, പിന്നീട് നമുക്ക് ചർച്ച ചെയ്ത്.....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, അത് നമ്മൾ തൽക്കാലം പിരിക്കുന്നില്ല എന്ന് വെളിപ്പെടുത്തിയല്ലോ. അതുതന്നെയായിരുന്നു അവരുടെ ആവശ്യവും അവർ പറഞ്ഞത് നികുതി പിരിവ് തൽക്കാലം നിർത്തി വയ്ക്കണമെന്നതാണ്. നമ്മൾ 100%-വും അംഗീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇപ്പോൾ എല്ലാം ഞാൻ വളരെ ഫ്രീ ആണ്. ഇതൊന്നും നടപടിക്രമങ്ങളിൽ ഉള്ളതല്ല. എങ്കിലും സമ്മതിക്കുകയാണ്. ഇവിടെ പറഞ്ഞ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് എനിക്ക് അഭിപ്രായമില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

III ശ്രദ്ധക്ഷണിക്കൽ

(1) കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബിനോയ് വിശ്വം : സർ, ഈ സഭയിൽ അങ്ങ് അടക്കം എല്ലാവരും പരിപൂർണ്ണ മനസ്സോടെ പിൻതാങ്ങുന്ന അപേക്ഷയാണ് എനിക്ക് മുന്നോട്ടു വയ്ക്കാനുള്ളത്. കാർഷികകടങ്ങളുടെ ഭാരം താങ്ങി കേരളത്തിലെ കർഷകർ പൊറുതി മുട്ടുകയാണ്. അവരുടെ ജീവിതം അങ്ങേയറ്റത്തെ ദുരിതത്തിലേക്ക് ആണ്ടു വീഴുകയാണ്. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ ഇറക്കുമതി നയംമൂലം കാർഷിക ഉൽപ്പന്നങ്ങൾക്കെല്ലാം വില ഇടിഞ്ഞു കഴിഞ്ഞു. പ്രകൃതി ക്ഷോഭത്തിന്റെ ദുരിതങ്ങളും അവർ ഏറ്റു വാങ്ങുന്നു. കാർഷികരംഗത്ത് മുഴുവൻ കണ്ണീർ വീഴുകയാണ്. ഈ കടഭാരം താങ്ങാനാകാതെ കേരളത്തിലെ കർഷക കുടുംബങ്ങൾ കുടുംബസമേതം മരണത്തെ സ്വയം വരിക്കുന്ന വാർത്തകൾ നമുക്ക് എല്ലാവർക്കും വായിക്കാൻ കഴിയും. സ്ഥിതി അങ്ങേയറ്റം ദയനീയമാണ്. കേരളത്തെ തീറ്റിപ്പോറ്റുവാൻ വേണ്ടി ചോര നീരാക്കി പാടുപെടുന്ന കർഷകന്റെ വേദനയെപ്പറ്റി ബഹുമാനപ്പെട്ട കെ. എം. മാണിസാറിനോട് ഞാൻ പറയേണ്ടതില്ല. അത് എല്ലാവരാലും അംഗീകരിക്കപ്പെട്ട യാഥാർത്ഥ്യമാണ്. കർഷകർ ഇത്രയും കടുത്ത ദുരിതങ്ങൾ, പ്രയാസങ്ങൾകൊണ്ട് കൊടുമ്പിരിക്കൊള്ളുമ്പോൾ അവരെ സഹായിക്കാൻ വേണ്ടി നാം എന്തു ചെയ്യും ? ഗവൺമെന്റ് അത് എങ്ങനെ കാണും ? അവരുടെ ജീവിതഭാരത്തോടും, പ്രയാസത്തോടും അനുഭാവം കാണിക്കാൻ ഗവൺമെന്റ് എന്താണ് ചെയ്യാൻ പോകുന്നത്. വാക്കിൽ മാത്രമല്ല നാം കർഷക പ്രേമം പറയേണ്ടത്. അധ്വാനവർഗ്ഗത്തെപ്പറ്റിയുള്ള സിദ്ധാന്തങ്ങളും പ്രമാണങ്ങളും മാത്രം പോര. ഗവൺമെന്റ് ഭാഗത്തുനിന്നും കർഷക ലക്ഷങ്ങൾക്കുവേണ്ടി എന്തു ചെയ്യുമെന്ന് എല്ലാ കർഷകരും ചോദിക്കുന്നു. അതുകൊണ്ട് പറയുകയാണ് കർഷകരുടെ ഈ കാർഷിക കടങ്ങൾ എഴുതിത്തള്ളാനുള്ള നടപടി അടിയന്തരമായിട്ടും ഉണ്ടാകണം. ഞാൻ കണക്കൊന്നും പറയുന്നില്ല. കേന്ദ്ര ഗവൺമെന്റ് 16-ാം തീയതി ഒരു കൺകെട്ട് വിദ്യപോലെ പറയുകയുണ്ടായി. കർഷകരുടെ കടത്തിന്റെ പലിശ അവർ കുറക്കുന്നതായി പ്രഖ്യാപനം വന്നിരിക്കുന്നു. 12% കാർഷിക വായ്പയുടെ പലിശ നിരക്ക് 9% ആക്കി കുറയ്ക്കും എന്ന് കേന്ദ്രഗവൺമെന്റ് പറഞ്ഞിരിക്കുകയാണ്. വാസ്തവത്തിൽ എത്ര വലിയ വഞ്ചനയാണ് കേന്ദ്ര ഗവൺമെന്റ് കാണിച്ചത് എന്നത് പരിശോധിച്ചാൽ എല്ലാവർക്കും ബോദ്ധ്യമാകുന്ന കാര്യമാണ്. കൃത്യമായി വായ്പ അടച്ചാൽ, കൃത്യമായി വായ്പ അടയ്ക്കുന്നവർക്കുള്ള ഒരു അംഗീകാരം കണക്കെ 5 ശതമാനം ഇളവു ചെയ്തുകൊണ്ട് 7 ശതമാനം അടച്ചാൽ മതി

LIBRARY ARCHIVES Kerala Legislative Assembly